ഭരണഭാഷ — മാതൃഭാഷ

നമ്പർ. ബി1/15459/റ്റിസി/2013

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി, 18.07.2013.

പ്രേഷിതൻ;

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — സ്റ്റേജ് കാര്യേജുകളുടെ ഗ്രേസ് പീരീഡും അഡീഷണൽ ടാക്സ് ഈടാക്കുന്നതും - സംബന്ധിച്ച്.

സൂചന :- ഇല്ല.

കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ റൂളിലെ ചട്ടം (5) അനുസരിച്ച് സാധാരണയായി ഒരു സ്റ്റേജ് കാര്യേജിന്റെ ഗ്രേസ് പീരീഡ് 45 ദിവസമാണ്. 45 ദിവസത്തിനു ശേഷം അടുത്ത 1 മാസത്തേക്ക് 10 ശതമാനവും നിശ്ചിത പീരീഡ് കഴിഞ്ഞുള്ള 3 മാസത്തേക്ക് 20 ശതമാനവും 6 മാസം വരെ 25 ശതമാനവും അതിനു ശേഷം 50 ശതമാനവും ആണ് അഡീഷണൽ ടാക്സായി നിശ്ചയിച്ചിട്ടുള്ളത്. മേൽ പറഞ്ഞ പ്രകാരമുള്ള 45 ദിവസത്തിനു പുറമെ 31 ദിവസത്തേക്കു കൂടി സർക്കാരിനു നോട്ടിഫിക്കേഷൻ പ്രകാരം ദീർഘിപ്പിക്കാവുന്നതാണ് എന്നും റൂൾ 5 ൽ പ്രതിപാദിക്കുന്നുണ്ട്. ഇത്തരത്തിൽ ഗ്രേസ് പീരീഡ് 30 ദിവസം വർദ്ധിപ്പിച്ചാൽ മൊത്തം ഗ്രേസ് പീരീഡ് 75 ദിവസം ആകും. ഈ പീരിഡ് കഴിഞ്ഞ് നികുതി ഒടുക്കുമ്പോൾ പല ഓഫീസുകളിലും പല നിരക്കിൽ അഡീഷണൽ ടാക്സ് വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എസ്.ആർ.ഒ. നമ്പർ 353/99 പ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള കാലയളവിനു ഒരു മാസത്തിനു ശേഷം 10 ശതമാനം അഡീഷണൽ ടാക്സ് മാത്രമേ വാങ്ങുവാൻ

പാടുള്ളൂ. റൂൾ 5 പ്രകാരം ഗ്രേസ് പീരീഡ് 30 ദിവസത്തേക്ക് നീട്ടുകയാണെങ്കിൽ പ്രസ്തുത കാലാവധിയും 'Prescribed Period' ൽ വരുന്നതാണ്. ആയതിനാൽ സ്റ്റേജ് കാര്യേജിനു ഗ്രേസ് പീരീഡ് 30 ദിവസം നീട്ടിയാൽ 'Prescribed Period' എന്നത് 75 ദിവസമായി കണക്കാക്കേണ്ടതും അതിനു ശേഷം ഒരു മാസം വരെ 10 ശതമാനവും 3 മാസം വരെ 20 ശതമാനവും 6 മാസം വരെ 25 ശതമാനവും അതിനു ശേഷം 50 ശതമാനവും എന്ന നിരക്കിൽ അഡീഷണൽ ടാക്സ് ഈടാക്കേണ്ടതാണ്. ഇത്തരത്തിൽ 'Prescribed Period' കഴിഞ്ഞിട്ടുള്ള 1 മാസം, 3 മാസം, 6 മാസം എന്നിങ്ങനെയുള്ള കാലാവധികൾക്കാണ് 10%, 20%, 25% എന്നീ നിരക്കുകളിൽ അഡീഷണൽ ടാക്സ് ഈടാക്കേണ്ടത്.

എന്നാൽ സ്റ്റേജ് കാര്യേജുകൾക്ക് ഗ്രേസ് പീരിഡിനു ശേഷം അഡീഷണൽ ടാക്സോടുകൂടി ടാക്സ് അടയ്ക്കുന്നതിന് സാവകാശം നൽകിക്കൊണ്ടും ഈ സമയത്ത് വാഹനം പിടിച്ചെടുക്കുവാൻ പാടില്ല എന്ന് ഉത്തരവ് നൽകിക്കൊണ്ടും നൽകുന്ന സർക്കാർ ഉത്തരവുകൾക്ക് മേൽ പറഞ്ഞവ ബാധകമാകില്ല എന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

ഒപ്പ്

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ,
(ടാക്സേഷൻ)
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

അംഗീകാരത്തോടെ,

20.7.13.

സീനിയർ സൂപ്രണ്ട്

19/7/13

എസ്.എം